## റവന്യൂ കാർഡ്

70 (2867) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ കാർഡ് വിതരണം ചെയ്യുവാൻ കാലതാമസം വരുന്നതിന് കാരണം വെളിപ്പെടുത്തുമോ;

(ബി) എത്രയും വേഗം ഈ പദ്ധതി നടപ്പിലാക്കുവാൻ നടപടികൾ ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ) റവന്യൂ കാർഡ് ചട്ടങ്ങൾ തയ്യാറായി കഴിഞ്ഞാലുടൻ റവന്യൂ കാർഡ് വിതരണം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇക്കാര്യത്തിൽ ഭരണപരമായി തടസ്സങ്ങളല്ലാതെ പ്രത്യേകിച്ച് കാലതാമസം ഒന്നും ഇല്ല.

(ബി) നടപടി ത്വരിതഗതിയിൽ നടക്കുന്നുണ്ട്.

## റവന്യൂ വകുപ്പിലെ വിജിലൻസ് സെല്ലുകൾ

71 (2868)ശ്രീമതി ആർ. ലതാദേവി :
ശ്രീമതി ഭാർഗവി തങ്കപ്പൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. സി.എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂവകുപ്പിലെ വിജിലൻസ് സെല്ലുകളിൽ 1999 ജൂൺ 30 വരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ബി) ഓരോ മേഖലയിലും എത്ര വീതം;

(സി) ഈ പരാതികളിൻമേൽ അന്വേഷണങ്ങളും നടപടികളും പൂർത്തിയായവ എത്ര;

(ഡി) ഇതിൽ എത്ര കേസ്സുകളിൽ ജീവനക്കാർ കുറ്റക്കാരാണെന്നു കണ്ടെത്തിയിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ;

(ഇ) വിജിലൻസ് സെല്ലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും പരാതികളിൻമേൽ യഥാസമയം തീർപ്പുകൽപ്പിക്കുന്നതിനുമുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 880 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ഉത്തരമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ ഓഫീസിൽ 371-ഉം, ദക്ഷിണമേഖലാ വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ ഓഫീസിൽ 509 -ഉം പരാതികൾ വീതം ലഭിച്ചിട്ടുണ്ട്.

(സി) ഈ പരാതികളിൻമേൽ 446 കേസ്സുകളിൽ അന്വേഷണങ്ങളും നടപടികളും പൂർത്തിയാക്കിയിട്ടുണ്ട്.

(ഡി) 267 കേസ്സുകളിൽ ജീവനക്കാർ കുറ്റക്കാരാണെന്നു കണ്ടുപിടിച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly